**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5195** | **12-08-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ കറൻസി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളിൽ ഘട്ടം ഘട്ടമായി റിസർവ് ബാങ്ക് വഴി ഡിജിറ്റൽ കറൻസി സമ്പ്രദായം കേന്ദ്ര സർക്കാർ നടപ്പാക്കുന്നത് നമ്മുടെ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഡിജിറ്റൽ കറൻസിയുടെ ഉപയോഗം നിലവിൽ പ്രാരംഭദശയിലാണ്. ലഭ്യമായ വിവരമനുസരിച്ച് രാജ്യത്തിന്റേതായ ഡിജിറ്റൽ കറൻസി (Central Bank Digital Currency) ഘട്ടം ഘട്ടമായി അവതരിപ്പിക്കുവാൻ റിസർവ് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. കറൻസി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. ആതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇടപെടുന്നതിൽ പരിമിതികളുണ്ട്. ഇക്കാരണത്താൽ ബീറ്റ് കോയിൻ പോലുള്ള സ്വകാര്യ ക്രിപ്റ്റോ കറൻസികളുടെ വിനിമയത്തിൽ കേന്ദ്ര സർക്കാരാണ് നടപടി എടുക്കേണ്ടത്. ഡിജിറ്റൽ കറൻസികളുടെ ഉപയോഗം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം, സുതാര്യവും സുരക്ഷിതവുമായ സംവിധാനത്തിൽ ഡിജിറ്റൽ കറൻസി വിനിമയങ്ങൾ നടക്കുന്ന പക്ഷം, സാമ്പത്തിക ഇടപാടുകളുടെ വേഗം വർദ്ധിപ്പിക്കുമെന്നതിനാലും Tax Compliance തോത് ഉയർത്തുമെന്നതിനാലും ആയത് സമ്പദ്ഘടനയ്ക്ക് ഉണർവ്വേകുകയും സർക്കാരിന്റെ വരുമാനം ഉയർത്തുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിജിറ്റൽ കറൻസിയുടെ വിനിമയം സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കുമെങ്കിൽ ആ ഘട്ടത്തിൽ മാത്രമേ ആയത് പരിഗണിക്കേണ്ടതുള്ളൂ. |
| (ബി) | പ്രസ്തുത സമ്പ്രദായം മൊത്ത-ചില്ലറ വ്യാപാര സ്ഥാപനങ്ങളെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിശദീകരിക്കുമോ; | (ബി) | ഡിജിറ്റൽ കറൻസിയുടെ ഉപയോഗം നിലവിൽ പ്രാരംഭദശയിലാണ്. ലഭ്യമായ വിവരമനുസരിച്ച് രാജ്യത്തിന്റേതായ ഡിജിറ്റൽ കറൻസി (Central Bank Digital Currency) ഘട്ടം ഘട്ടമായി അവതരിപ്പിക്കുവാൻ റിസർവ് ബാങ്ക് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. കറൻസി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. ആതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇടപെടുന്നതിൽ പരിമിതികളുണ്ട്. ഇക്കാരണത്താൽ ബിറ്റ് കോയിൻ പോലുള്ള സ്വകാര്യ ക്രിപ്റ്റോ കറൻസികളുടെ വിനിമയത്തിൽ കേന്ദ്ര സർക്കാരാണ് നടപടി എടുക്കേണ്ടത്. ഡിജിറ്റൽ കറൻസികളുടെ ഉപയോഗം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം, സുതാര്യവും സുരക്ഷിതവുമായ സംവിധാനത്തിൽ ഡിജിറ്റൽ കറൻസി വിനിമയങ്ങൾ നടക്കുന്ന പക്ഷം, സാമ്പത്തിക ഇടപാടുകളുടെ വേഗം വർദ്ധിപ്പിക്കുമെന്നതിനാലും Tax Compliance തോത് ഉയർത്തുമെന്നതിനാലും ആയത് സമ്പദ്ഘടനയ്ക്ക് ഉണർവ്വേകുകയും സർക്കാരിന്റെ വരുമാനം ഉയർത്തുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിജിറ്റൽ കറൻസിയുടെ വിനിമയം സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കുമെങ്കിൽ ആ ഘട്ടത്തിൽ മാത്രമേ ആയത് പരിഗണിക്കേണ്ടതുള്ളൂ. |
| (സി) | ഈ സമ്പ്രദായം നടപ്പിലാക്കുന്നത് സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രതികൂലമായ സ്വാധീനമാണ് സൃഷ്ടിക്കുന്നതെങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഡിജിറ്റൽ കറൻസിയുടെ ഉപയോഗം നിലവിൽ പ്രാരംഭദശയിലാണ്. ലഭ്യമായ വിവരമനുസരിച്ച് രാജ്യത്തിന്റേതായ ഡിജിറ്റൽ കറൻസി (Central Bank Digital Currency) ഘട്ടം ഘട്ടമായി അവതരിപ്പിക്കുവാൻ റിസർവ് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. കറൻസി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. ആതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇടപെടുന്നതിൽ പരിമിതികളുണ്ട്. ഇക്കാരണത്താൽ ബിറ്റ് കോയിൻ പോലുള്ള സ്വകാര്യ ക്രിപ്റ്റോ കറൻസികളുടെ വിനിമയത്തിൽ കേന്ദ്ര സർക്കാരാണ് നടപടി എടുക്കേണ്ടത്. ഡിജിറ്റൽ കറൻസികളുടെ ഉപയോഗം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം, സുതാര്യവും സുരക്ഷിതവുമായ സംവിധാനത്തിൽ ഡിജിറ്റൽ കറൻസി വിനിമയങ്ങൾ നടക്കുന്ന പക്ഷം, സാമ്പത്തിക ഇടപാടുകളുടെ വേഗം വർദ്ധിപ്പിക്കുമെന്നതിനാലും Tax Compliance തോത് ഉയർത്തുമെന്നതിനാലും ആയത് സമ്പദ്ഘടനയ്ക്ക് ഉണർവ്വേകുകയും സർക്കാരിന്റെ വരുമാനം ഉയർത്തുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ കറൻസിയുടെ വിനിമയം സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കുമെങ്കിൽ ആ ഘട്ടത്തിൽ മാത്രമേ ആയത് പരിഗണിക്കേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ